ക്ഷേത്രങ്ങൾക്ക് എച്ച്. ആർ. ആന്റ് സി. ഇ.യിൽ നിന്നുള്ള സാമ്പത്തിക സഹായം

71 [1160] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട, ഉള്ളിയേരി, അത്തോളി, തലക്കളത്തൂർ, എലത്തൂർ എന്നീ പഞ്ചായത്തുകളിൽ എത്ര ക്ഷേത്രങ്ങൾക്ക് എച്ച്.ആർ. ആന്റ് സി.ഇ. യിൽനിന്നും സാമ്പത്തികസഹായം നൽകിവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) സാമ്പത്തികസഹായം നൽകിവരുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ ആന്റ് ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട, ഉള്ളിയേരി, അത്തോളി, തലക്കളത്തൂർ, എലത്തൂർ എന്നീ പഞ്ചായത്തുകളിൽപ്പെട്ട താഴെപ്പറയുന്ന ഏഴ് ക്ഷേത്രങ്ങൾക്ക് എച്ച്.ആർ. ആന്റ് സി.ഇ. യിൽനിന്നും സാമ്പത്തികസഹായം നൽകിയിട്ടുണ്ട്:

1. കാമ്പുറത്ത് ശ്രീ ഭഗവതിക്ഷേത്രം, മൊകവൂർ, എലത്തൂർ
2. ബാലുശ്ശേരി, ചാല ശ്രീ ഭഗവതിക്ഷേത്രം, ബാലുശ്ശേരി
3. നിർമ്മല്ലൂർ ശ്രീ നരസിംഹമൂർത്തി ക്ഷേത്രം, പനങ്ങാട്
4. പുത്തൂർ ശ്രീ ദുർഗ്ഗാക്ഷേത്രം, പുതിയങ്ങാടി, എലത്തൂർ
5. മതിലകം ശ്രീ നരസിംഹമൂർത്തിക്ഷേത്രം, തലക്കുളത്തൂർ
6. മൊടക്കല്ലൂർ ശ്രീ ദുർഗ്ഗാക്ഷേത്രം, അത്തോളി
7. വള്ളിക്കാട്ടുകാവ് ക്ഷേത്രം, തലക്കുളത്തൂർ.

ഉത്തര മലബാർ തീയ്യ സമുദായ ക്ഷേത്ര സംരക്ഷണ സമിതി സമർപ്പിച്ച നിവേദനം

72 [1161] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷേത്രജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തര മലബാർ തീയ്യ സമുദായ ക്ഷേത്രസംരക്ഷണസമിതി നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഹർജിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തര മലബാറിലെ കളിയാട്ടവും പെരുങ്കളിയാട്ടവും നടക്കുന്ന കാവുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ഹിന്ദുമതധർമ്മ സ്ഥാപന (ഭരണ) വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇത്തരം കാവുകളും ടൂറിസം വകുപ്പുമായി യോജിച്ച് നടപ്പിലാക്കുന്ന വികസന പദ്ധതിയിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ആചാര സ്ഥാനീയർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. അതുവരെ ഇവർക്ക് സാമ്പത്തികസഹായം ഹിന്ദുമതധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽനിന്നും ലഭ്യമാക്കാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

വഴിപാടുദ്രവ്യങ്ങളുടെ മൂല്യ നിർണ്ണയം

73. [1162] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, പി. ശങ്കരൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരപ്പന് സമർപ്പിച്ച വഴിപാടുദ്രവ്യങ്ങളുടെ മൂല്യനിർണ്ണയം ചെയ്യുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എന്തിനുവേണ്ടിയാണെന്നു വെളിപ്പെടുത്തുമോ;

(ബി) മൂല്യനിർണ്ണയത്തിനുപകരം അവയുടെ വലിപ്പവും തൂക്കവും ഗുണമേന്മയും അവയിൽ പതിച്ചിട്ടുള്ള രത്നങ്ങളുടെ വിവരവും രേഖപ്പെടുത്തി ഇൻവെന്ററി തയ്യാറാക്കിക്കൂടെ;

(സി) അവയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കലാപരമായി രൂപകൽപ്പനചെയ്തിട്ടുള്ള വസ്തുക്കളുടെ മൂല്യനിർണ്ണയം ചെയ്യുന്നത് എപ്രകാരമാണ്;

(ഇ) ഒരിക്കൽ മൂല്യനിർണ്ണയം നടത്തിക്കഴിഞ്ഞാൽ പിന്നീട് വിലയിടിയുന്ന സാഹചര്യത്തിൽ അവയുടെ മൂല്യനിർണ്ണയം വീണ്ടും നടത്തുമോ;

(എഫ്) വഴിപാടു വസ്തുക്കൾ മൂല്യനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ദേവപ്രശ്നം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly